REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പശ്ചിമേഷ്യൻ സംഘർഷത്തെ കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഫോണിൽ സംസാരിച്ചു.
- അഹമ്മദാബാദ് വിമാന ദുരന്തം സംബന്ധിച്ച് അന്വേഷണം ഊർജിതമായി തുടരുന്നു.
- നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ ശക്തമാക്കി മുന്നണികൾ.
- ഇന്ന് ലോക രക്തദാന ദിനം.
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുവപ്പ് ജാഗ്രത പരിഗണിച്ച് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിദ്യാലയങ്ങൾക്ക് അവധി.
- ഓസ്ട്രേലിയക്കെതിരായ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്കക്ക് വിജയപ്രതീക്ഷ.

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഫോണിൽ സംസാരിച്ചു. ഇന്ത്യയുടെ ആശങ്കകൾ നരേന്ദ്രമോദി അദ്ദേഹവുമായി പങ്കുവെച്ചു. മേഖലയിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയൊൻ സാർ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിനെ ഫോണിൽ വിളിച്ചു സംസാരിച്ചു.

✪✪✪

ട്രൂ പ്രോമിസ് 3 എന്ന പേരിൽ ഇസ്രയേലിനെതിരെ ഇറാൻ ഇന്നലെ മിസൈൽ ആക്രമണം നടത്തി. ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ ഇസ്രയേൽ വ്യോമാക്രമണങ്ങൾ നടത്തിയിരുന്നു. ഡസൻ കണക്കിന് മിസൈലുകൾ ഇറാൻ വിക്ഷേപിച്ചതായി ഇസ്രയേൽ സൈന്യം സ്ഥിരീകരിച്ചു, ജറുസലേം, ടെൽ അവീവ് ഉൾപ്പെടെ നഗരങ്ങളിൽ സ്ഫോടനങ്ങളുണ്ടായി. ഇറാനിയൻ മിസൈലുകളും ഡ്രോണുകളും തടയാൻ US സൈന്യം ഇസ്രായേലിനെ സഹായിക്കുന്നുണ്ടെന്ന് ഒരു US ഉദ്യോഗസ്ഥൻ പറഞ്ഞു.

നാൽപ്പത് പേർ ഇസ്രായേലി ആശുപത്രികളിൽ ചികിത്സയിലാണ്.

✪✪✪

ഫ്രാൻസ് സന്ദർശിക്കുന്ന വിദേശകാര്യ മന്ത്രി ഡോ.S ജയ്ശങ്കർ, ഫ്രഞ്ച് വിദേശകാര്യമന്ത്രി ജീൻ നോയൽ ബാരറ്റുമായി മാർസയിൽ കൂടിക്കാഴ്ച നടത്തി. ഭീകരതയെ അപലപിച്ച ഫ്രാൻസിന്റെ നടപടിയെ ജയശങ്കർ സ്വാഗതം ചെയ്തു. ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാട് ജയശങ്കർ വിശദീകരിച്ചു. വ്യാപാരം, പ്രതിരോധം, ഊർജം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷിസഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തം സംബന്ധിച്ച് അന്വേഷണം ഊർജിതമായി തുടരുന്നു. ഫോറൻസിക് വിദഗ്ധർ ഇന്നലെ അപകടസ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചു. പ്രദേശത്ത് നിന്ന് വിമാനത്തിന്റെ ബ്ലാക് ബോക്സ് കണ്ടെടുത്തതായി പൊലീസ് അറിയിച്ചു. ഗുജറാത്ത് ഭീകരവിരുദ്ധ സ്ക്വാഡ് സ്ഥലത്ത് നിന്ന് ഡിജിറ്റൾ വോയ്സ് റെക്കോർഡർ നേരത്തെ കണ്ടെടുത്തിരുന്നു. ഫോറൻസിക് പരിശോധന ഫലവും കൂടുതൽ സാങ്കേതിക പരിശോധനാ റിപ്പോർട്ടും പുറത്തുവന്നാലേ അപകടകാരണം സംബന്ധിച്ച് വ്യക്തത ലഭിക്കൂ. ദുരന്തസ്ഥലത്തെ പ്രദേശവാസികളായ നിരവധി പേരെ കാണാതായതായും റിപ്പോർട്ടുകളുണ്ട്. ഏഴ് മൃതദേഹങ്ങൾ ഇന്നലെ ബന്ധുക്കൾക്ക് വിട്ടു നൽകി. തിരിച്ചറിയലിന് 200-ലധികം DNA സാമ്പിളുകൾ ശേഖരിച്ചതായും പൊലീസ് വ്യക്തമാക്കി.

✪✪✪

കേന്ദ്ര ആയുഷ് മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ "ഒരു ഭൂമി ഒരേ ആരോഗ്യത്തിന് യോഗ" ആഗോള ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കും. ഈ മാസം 21 ന് 11-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിന്റെ മുന്നോടിയായാണ് ഉച്ചകോടി. ലോകത്തെ പ്രമുഖ അന്താരാഷ്ട്ര യോഗ സ്ഥാപനങ്ങളിൽ നിന്നും വെൽനസ് കമ്മ്യൂണിറ്റികളിൽ നിന്നും ഓൺലൈനായും അല്ലാതെയും ആയിരത്തിലധികം പേർ പരിപാടിയുടെ ഭാഗമാകും.

ബഹ്റൈൻ, US, UK, ദക്ഷിണ കൊറിയ എന്നിവയുൾപ്പെടെ നാലിലധികം രാജ്യങ്ങളിൽ നിന്ന് വിദഗ്ധർ ഉച്ചകോടിയിൽ പങ്കെടുക്കും.

✪✪✪

അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ കമ്മ്യൂണിക്കേഷൻ മറ്റന്നാൾ തിരുവനന്തപുരത്ത് സംയോജിത ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും. നെട്ടയം ശാരദ കോളേജ് ഓഫ് നഴ്സിങ്ങിൽ നടത്തുന്ന പരിപാടിയിൽ യോഗ പരിശീലനവും കലാപരിപാടികളും ഉണ്ടാകും. CBC അഡീഷണൽ ഡയറക്ടർ ജനറൽ V പളനിച്ചാമി പരിപാടിയിൽ അധ്യക്ഷനാകും.

✪✪✪

ഇന്ന് ലോക രക്തദാന ദിനം. രക്തദാനത്തിലൂടെ ജീവൻ രക്ഷിക്കുന്നതിനെക്കുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യവുമായാണ് എല്ലാവർഷവും ജൂൺ 14-ന് ലോക രക്തദാന ദിനം ആചരിക്കുന്നത്. നിസ്വാർത്ഥരായി രക്തദാനം ചെയ്ത് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ സന്നദ്ധത കാണിക്കുന്നവരെ ആദരിക്കുന്നതിനാണ് ദിനാചരണം.

രക്തം നൽകൂ, പ്രത്യാശ നൽകൂ: ഒരുമിച്ച് നമുക്ക് ജീവൻ രക്ഷിക്കാമെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

അഹമ്മദാബാദ് വിമാനാപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റ സാഹചര്യത്തിൽ സൈന്യം പ്രത്യേക രക്തദാന ക്യാമ്പ് ആരംഭിച്ചു. NSC ഗ്രൂപ്പ് കാമ്പസിലാണ് ക്യാമ്പ്. രക്തദാനത്തിന് ഇന്നലെ സിവിൽ ആശുപത്രിയിലും നിരവധി പേർ എത്തിയിരുന്നു.

✪✪✪

നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ ശക്തമാക്കി മൂന്ന് മുന്നണികളും. പ്രമുഖ നേതാക്കളും സാംസ്കാരിക പ്രവർത്തകരും സ്ഥാനാർത്ഥികൾക്കായി സജീവ പ്രചാരണത്തിലാണ്. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്, LDF സ്ഥാനാർത്ഥി M സ്വരാജ്, NDA സ്ഥാനാർത്ഥി മോഹൻ ജോർജ് എന്നിവരുടെ പഞ്ചായത്ത് തല പ്രചാരണം തുടരുകയാണ്. PV അൻവറും മണ്ഡലത്തിൽ വോട്ടുറപ്പിക്കുന്നതിന് തിരക്കിട്ട പ്രചാരണത്തിലാണ്.

✪✪✪

വയനാട് MP പ്രിയങ്ക ഗാന്ധി ഇന്ന് വയനാട്, കോഴിക്കോട് ജില്ലകളിൽ പര്യടനം നടത്തും. വൈകീട്ട് കോഴിക്കോട് കൊടിയത്തുർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വികസന പദ്ധതികൾ പ്രിയങ്കാഗാന്ധി ഉദ്ഘാടനം ചെയ്യും.

✪✪✪

പൊതുവിദ്യാഭ്യാസ മേഖലയിലെ സൗജന്യ യൂണിഫോം വിതരണം മുടങ്ങിയതിന്റെ കാരണം വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാവണമെന്ന് T സിദ്ദിഖ് MLA ആവശ്യപ്പെട്ടു. ഗോത്ര വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഉൾപ്പെടെ യൂണിഫോം നൽകാനാവാത്തതെന്തെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും വ്യക്തമാക്കണമെന്ന് T സിദ്ദിഖ് കോഴിക്കോട്ട് പറഞ്ഞു.

മുണ്ടക്കൈ ചൂരൽമല വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് വീഴ്ച സംഭവിച്ചുവെന്നും, വായ്പാ ബാധ്യത ദുരന്ത ബാധിതരുടെ തലയിൽ കെട്ടിവയ്ക്കാൻ അനുവദിക്കില്ലെന്നും സിദ്ദിഖ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ചക്രവാതച്ചുഴിയുടെയും പടിഞ്ഞാറൻ കാറ്റിന്റെയും സ്വാധീനത്താൽ തിങ്കളാഴ്ച വരെ അതിതീവ്രമഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

തീവ്ര മഴ കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ അധികൃതർ ജാഗ്രതാ നിർദേശവും മുൻകരുതലും നൽകി.

ഡെസ്ക് റിപ്പോർട്ട്.

.....(വോയ്സ് )..........

ഇടുക്കി ജില്ലയിൽ ഉരുൾപൊട്ടലും, മണ്ണിടിച്ചിലും കണക്കിലെടുത്ത് എല്ലാ വകുപ്പുകളും മുൻകരുതൽ സ്വീകരിക്കണമെന്ന് ജില്ലാകളക്ടർ ഉത്തരവിട്ടു. ഖനന പ്രവർത്തനങ്ങളും മണ്ണെടുപ്പും ചൊവ്വാഴ്ച വരെ നിരോധിച്ചു. ജില്ലയിൽ ബോട്ടിംഗ്, കയാക്കിംഗ്, റാഫ്റ്റിംഗ്, കുട്ടവഞ്ചി സവാരി ഉൾപ്പെടെ ജലവിനോദങ്ങളും ഈ മാസം 17 വരെ നിർത്തിവെച്ചു. ഉരുൾപൊട്ടൽ സാദ്ധ്യത കണക്കിലെടുത്ത് മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതവും ചൊവ്വാഴ്ച വരെ നിരോധിച്ചു.

കോട്ടയം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, എന്നിവിടങ്ങളിലേക്ക് പ്രവേശനവും ഈരാറ്റുപേട്ട -വാഗമൺ റോഡിലെ രാത്രികാല യാത്രയും നാളെ വരെ നിരോധിച്ചു. എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിരോധിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ മൂഴിയാർ ഡാമിന്റെ മൂന്ന് ഷട്ടറുകളും തുറന്നു. കക്കാട്ടാറിന്റെയും മൂഴിയാർ ഡാം മുതൽ കക്കാട് പവർ ഹൗസ് വരെ ഇരുകരകളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് അധികൃതർ അറിയിച്ചു. ആളുകൾ നദികളിൽ ഇറങ്ങാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അതിതീവ്ര മഴ സാധ്യത പരിഗണിച്ച് കണ്ണൂർ ജില്ലയിൽ വിദ്യാലയങ്ങൾ, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ എന്നിവയ്ക്ക് ഇന്നും നാളെയും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. സ്പെഷ്യൽ ക്ലാസുകൾ പാടില്ലെന്നും നിർദ്ദേശമുണ്ട്.

കാസർഗോഡ് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, മദ്രസകൾ, അങ്കണവാടികൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

✪✪✪

കാലവർഷത്തെ തുടർന്ന് ആലപ്പുഴ ചേർത്തല താലൂക്കിൽ ദുരിതാശ്വാസക്യാമ്പ് തുറന്നു. 14 കുടുംബങ്ങളാണ് ക്യാമ്പിൽ കഴിയുന്നത്.

✪✪✪

കാസർകോട് ജില്ലയിലെ റാണിപുരം ഉൾപ്പെടെ ടൂറിസം കേന്ദ്രങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു. റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലാണിത്.

✪✪✪

കർഷകരുടെ കണ്ണീരൊപ്പാൻ കേന്ദ്ര ഗവൺമെന്റ് വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. ഇതിൽ മുഖ്യമാണ് പ്രധാൻമന്ത്രി ഫസൽ ബീമയോജന.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

.......(വോയ്സ്).......

✪✪✪

ഓസ്ട്രേലിയക്കെതിരായ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്കക്ക് വിജയപ്രതീക്ഷ. ലോർഡ്സിൽ മൂന്നാം ദിനം കളി അവസാനിക്കുമ്പോൾ, രണ്ടാം ഇന്നിങ്സിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ദക്ഷിണാഫ്രിക്ക 213 റൺസെടുത്തു.

ജയിക്കാൻ എട്ടു വിക്കറ്റ് ബാക്കിയിരിക്കെ, ഇനി വേണ്ടത് 69 റൺസാണ്. നേരത്തെ, ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിങ്സ് 207 റൺസിന് അവസാനിച്ചിരുന്നു. പിച്ചിൽ അത്ഭുതങ്ങൾ സംഭവിച്ചില്ലെങ്കിൽ 27 വർഷത്തിനു ശേഷം ഒരു ICC കിരീടമെന്ന ദക്ഷിണാഫ്രിക്കയുടെ സ്വപ്നം ഇന്ന് യാഥാർത്ഥ്യമായേക്കും.

✪✪✪

**71-ാമത് നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 30-ന് പുന്നമടക്കായലിൽ നടത്തുമെന്ന് നെഹ്റുട്രോഫി എക്സിക്യൂട്ടീവ് കമ്മറ്റി അറിയിച്ചു. തീയതി സംബന്ധിച്ച് കമ്മിറ്റി എടുത്ത തീരുമാനത്തിന് ഗവൺമെന്റ് അംഗീകാരം നൽകിയതായി ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു.**

✪✪✪

**മിഥുനമാസ പൂജകൾക്കായി ശബരിമല നട ഇന്ന് തുറക്കും. തന്ത്രി കണ്ഠരര് രാജീവരരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺ കുമാർ നമ്പൂതിരി വൈകിട്ട് അഞ്ചിന് നട തുറന്നു ദീപം തെളിയിക്കും.**

✪✪✪

**സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന കാൻസർ പ്രതിരോധ ജനകീയ പ്രചാരണം 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കാസർകോട്ട് തുടക്കമായി. ജില്ലാ കളക്ടറുടെ ചേംബറിൽ വിവിധ വകുപ്പുകളുടെ ഏകോപന സമിതി യോഗം ചേർന്നു.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader : നിമിഷ ജി*
*CNRT: ഫസ്ന ഫാത്തിമ*
*DEO : ഷീബ*